(ബി) ജലപാത സഞ്ചാരയോഗ്യമാക്കിയാൽ ജലഗതാഗതത്തിനും വിനോദ സഞ്ചാരികളെ ആകർഷിക്കുവാനും ഉതകുമെന്നുള്ളതിനാൽ ജലപാത കൂടുതൽ ദൂരം സഞ്ചാരയോഗ്യമാക്കാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ടി. എസ്. കനാലിന്റെ പുന്തുറ മുതൽ ആക്കുളം വരെയുള്ള 13 കി.മീ. ദൂരം ഭാഗികമായി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. പുന്തുറ മുതൽ പനത്തുറ വരെയും ചാക്ക മുതൽ ഐ.എസ്.ആർ.ഒ. പാലം വരെയും ഇപ്പോൾ സഞ്ചാരയോഗ്യമാണ്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ ജലപാതയുടെ ഭാഗമാണ്. പല ഫീഡർ കനാലുകളും ഉദ്യോഗമണ്ഡൽ കനാലും ചമ്പക്കര കനാലും സഞ്ചാരയോഗ്യമാണ്.

(ബി) ഉണ്ട്.

(സി) കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ അനുമതിയും ഫണ്ടും ലഭ്യമാകേണ്ട തിനാൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

"ജലസംരക്ഷണം ജന നന്മയ്ക്ക്" എന്ന പദ്ധതി

*6 [186] ശ്രീ. പി. നാരായണൻ:
,, ബിനോയ് വിശ്വം:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ജലസംരക്ഷണം ജന നന്മയ്ക്ക്" എന്ന പരിപാടി സംസ്ഥാനത്താരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ എന്നറിയിക്കാമോ; ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര ജലസംരക്ഷണ സമിതികൾ രൂപീകരിച്ചു; ഈ സമിതിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി എത്ര ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവെന്നും എത്ര പേർക്ക് പരിശീലനം നൽകിയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ഇതുവരെ എത്ര മഴക്കുഴികൾ നിർമ്മിച്ചുവെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) "ജലസംരക്ഷണം ജന രക്ഷയ്ക്ക്" എന്ന പരിപാടി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. 2004 ജൂൺ 5 മുതലാണ് പരിപാടി ആരംഭിച്ചത്. പരിപാടി ആരംഭിക്കുന്നതിനു മുമ്പായി ആവശ്യമായ ക്ലാസുകൾ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, മാദ്ധ്യമ പ്രവർത്തകർ എന്നിവർക്ക് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതുവരെ 15,154 ജലസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശീയമായ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർമ്മാണത്തിനാവശ്യമായ പരിശീലനവും മേൽനോട്ടവും നൽകുക എന്നതാണ് ഈ സമിതിയുടെ ചുമതല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയുടെ ഭാഗമായി ഇരുപതിനായിരത്തോളം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒരു ലക്ഷം ആളുകൾക്ക് പരിശീലനവും നൽകിയിട്ടുണ്ട്.

(ഡി) നാളിതുവരെ 24,36,543 മഴക്കുഴികൾ നിർമ്മിച്ചിട്ടുണ്ട്.

കേരള-തമിഴ്നാട് സംയുക്ത ടൂറിസം വികസന പദ്ധതി

*7 [187] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് കേരളവും തമിഴ്നാടും സംയുക്തമായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഇതുമൂലം ടൂറിസം മേഖലയ്ക്കുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇല്ല.

(ബി ആന്റ് സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വനപ്രദേശങ്ങളിലെ ടൂറിസം വികസനം

*8 [188] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ ടൂറിസ്റ്റുകളുടെ വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സാദ്ധ്യത പ്രയോജനപ്പെടുത്തി വനപ്രദേശങ്ങളിലെ സംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും ഒഴിവാക്കി പ്രസ്തുത മേഖലയിൽ ടൂറിസം വികസനത്തിനുള്ള സാദ്ധ്യത പരിഗണിക്കുമോ;

(സി) വനംവകുപ്പിന്റെ ഇക്കോ ടൂറിസം പദ്ധതിയുമായി വിനോദസഞ്ചാര വകുപ്പ് സഹകരിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly